(സി) ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉള്ളവർക്കും കുടീർജ്യോതി അപേക്ഷ കർക്കും കണക്ഷൻ നൽകാൻ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുമോ;

(ഡി) ഗാർഹിക കണക്ഷൻ നൽകുന്നതിനാവശ്യമായ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) വൈദ്യുതി പോസ്റ്റിന് 100 മീറ്ററിനുള്ളിൽ താമസിക്കുന്നവർക്കും കുടിർജ്യോതി അപേക്ഷകർക്കും സമയബന്ധിതമായി കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1896.

(ബി) അനുബന്ധമായി ചേർക്കുന്നു. †

(സി) പോസ്റ്റ് ആവശ്യമില്ലാത്ത വർക്കുകൾക്കേ പ്രത്യേക മുൻഗണന നൽകുന്നുള്ളു. അതിനാൽ ഇത്തരം കണക്ഷനുകൾക്ക് കാലതാമസമില്ല.

(ഡി) സാധനസാമിഗ്രികൾ ആവശ്യമായ അളവിൽ വാങ്ങുന്നതിനായി പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

(ഇ) നിലവിൽ വൈദ്യുതി പോസ്റ്റിൽനിന്നും 35 മീറ്റർ വരെയുള്ളവർക്കും കുടിർജ്യോതി അപേക്ഷകർക്കും കാലതാമസം കൂടാതെ കണക്ഷൻ നൽകുന്നുണ്ട്.

കുടിർജ്യോതി പദ്ധതി പ്രകാരമുള്ള ഗാർഹിക വൈദ്യുതി കണക്ഷനുകൾ

8 [326] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിർജ്യോതി പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര ഗാർഹിക വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് ജില്ലതിരിച്ച് കണക്ക് വ്യക്ത മാക്കാമോ:

(ബി) ബേപ്പൂർ നിയോജകമണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്: അനുവദിച്ച കണക്ഷനുകൾ എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര സർക്കാരിൽനിന്നും ഈ പദ്ധതി നടപ്പാക്കാൻ എത്ര തുക ഗ്രാന്റായി ലഭിച്ചിട്ടുണ്ട്; ചെലവുചെയ്ത തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈയിനത്തിൽ തുക ലാപ്സായിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്ത മാക്കുമോ?

†† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുടിർജ്യോതി പദ്ധതിപ്രകാരം സംസ്ഥാനത്ത് ഇതുവരെയായി 2,35,653 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിൽ ഈ സാമ്പത്തികവർഷം 55,164 കണക്ഷനുകളാണ് ഇതുവരെ നൽകിയത്. ജില്ലതിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| | ജില്ല | എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 7973 |
| 2. | കൊല്ലം | 6184 |
| 3. | പത്തനംതിട്ട | 2806 |
| 4. | ആലപ്പുഴ | 4097 |
| 5. | കോട്ടയം | 4678 |
| 6. | ഇടുക്കി | 1366 |
| 7. | എറണാകുളം | 3377 |
| 8. | തൃശ്ശൂർ | 7077 |
| 9. | പാലക്കാട് | 3290 |
| 10. | മലപ്പുറം | 4859 |
| 11. | കോഴിക്കോട് | 3702 |
| 12. | വയനാട് | 1251 |
| 13. | കണ്ണൂർ | 2729 |
| 14. | കാസർഗോഡ് | 1775 |

(ബി) 2004-05-ൽ ഇതുവരെ ലഭിച്ച 159 അപേക്ഷകർക്കും കണക്ഷൻ നൽകി.

(സി) 2004-05-ലെ, 931.74 ലക്ഷം രൂപയ്ക്കുള്ള പദ്ധതിപ്രകാരം 459.66 ലക്ഷം രൂപ ഗ്രാന്റായി ലഭിച്ചു. ഈ പദ്ധതിപ്രകാരം ഇതുവരെയായി 55,164 കണക്ഷനുകൾ നൽകിയ ഇനത്തിൽ 827.5 ലക്ഷം രൂപ ബോർഡിന് ചെലവായിട്ടുണ്ട്.

(ഡി) ഈ പദ്ധതി പ്രകാരം ഗവൺമെന്റിൽ നിന്നും ഗ്രാന്റിനത്തിൽ കിട്ടിയ എല്ലാ തുകയും ചെലവാക്കിയിട്ടുണ്ട്.

സൗജന്യമായി വൈദ്യുതി നൽകുന്നതിന് നടപടി

9 [327] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്നതിനുള്ള ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;